**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

2026 ജൂലൈ 01, ബുധൻ

# നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**മുഖ്യമന്ത്രി**

**ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി**

**ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി**

**തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി**

## <u>ദേവസ്വം ബോർഡുകളുടെ സാമ്പത്തിക സ്ഥിതി</u>

***151 ശ്രീ. കെ. യു. ജനീഷ് കുമാർ**

**ശ്രീ. വി. ജോയി**

**ശ്രീ. കാരായി രാജൻ**

**ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലെ ഒഴിവുള്ള തസ്തികകൾ നികത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**(ബി)** ദേവസ്വം ബോർഡിന് കീഴിലുള്ള പ്രധാന ക്ഷേത്രങ്ങളിലെ വിവിധ വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(സി)** സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ നിലവിലെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(ഡി)** ദേവസ്വം ബോർഡുകളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിൽ കൈവരിച്ച നേട്ടങ്ങൾ

***152** **ശ്രീമതി ഒ. എസ്. അംബിക**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** 2016 മുതൽ 2026 വരെയുള്ള കാലയളവിൽ വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിൽ കൈവരിച്ച പ്രധാന നേട്ടങ്ങൾ എന്തൊക്കെയാണെന്നും പത്ത് വർഷത്തിനുള്ളിൽ കടലിൽ എത്ര മീറ്റർ പുലിമുട്ട് നിർമ്മാണം പൂർത്തിയാക്കിയെന്നും വിശദമാക്കാമോ;

**(ബി)** പദ്ധതി വേഗത്തിലാക്കുന്നതിനായി 2016-2026 കാലയളവിൽ സംസ്ഥാന സർക്കാർ വകയിരുത്തിയ ഫണ്ടിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; ഇതിൽ വി.ജി.എഫ് (വയബിലിറ്റി ഗ്യാപ് ഫണ്ട്) ഇനത്തിൽ നല്കിയ തുക സംബന്ധിച്ച് വ്യക്തമാക്കാമോ;

**(സി)** ഈ കാലയളവിൽ പ്രസ്തുത തുറമുഖ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനും ഉപജീവനത്തിനുമായി പ്രഖ്യാപിച്ച പാക്കേജ് വഴി വിതരണം ചെയ്ത ധനസഹായത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

## ആരോഗ്യകേരളത്തിനായി നടപടികൾ

***153** **ശ്രീ. ജി. ആർ. അനിൽ**
**ശ്രീ. പി. പ്രസാദ്**
**ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**
**ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** നിപ അടക്കമുള്ള അപകടകരമായ രോഗങ്ങൾ വീണ്ടും റിപ്പോർട്ട് ചെയ്തിരിക്കുകയാണെന്നതും നിപയ്ക്കൊപ്പം ഷിഗെല്ല, ഡെങ്കി

തുടങ്ങിയവയും വ്യാപകമായിട്ടുണ്ട് എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അനാരോഗ്യകരമായ ഭക്ഷണശീലം, ശരിയായ വ്യായാമത്തിന്റെ അഭാവം, രോഗപ്രതിരോധശേഷിയിലുണ്ടായ കുറവ്, ജലസ്രോതസുകൾ ഉൾപ്പെടെയുള്ളവയുടെ മലിനീകരണം, കീടനാശിനികളുടെയും രാസവളങ്ങളുടെയും അശാസ്ത്രീയമായ ഉപയോഗം തുടങ്ങി ഒട്ടേറെ കാരണങ്ങൾ കേരളീയരുടെ ആരോഗ്യത്തെ തകർക്കുന്നതിന് കാരണമായെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടിയിട്ടുള്ളത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മഴക്കാല പൂർവ്വ ശുചീകരണം, പകർച്ചവ്യാധി പ്രതിരോധ നടപടികൾ എന്നിവയിൽ ഈ സർക്കാരിന്റെ കാലയളവിൽ വീഴ്ച്ചകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് കോളറ ബാധ സ്ഥിരീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഗൗരവം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>വ്യോമയാന മേഖലയുടെ വികസനം</u>**

***154 ശ്രീ. ഷിബു തെക്കുംപുറം**
**ശ്രീ. അപു ജോൺ ജോസഫ്**
**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യോമയാന മേഖലയുടെ സമഗ്ര വികസനത്തിനായി പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ദക്ഷിണേന്ത്യയിലെ ഏവിയേഷൻ ഹബ്ബായി സംസ്ഥാനത്തെ മാറ്റത്തക്കവിധത്തിലുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ശബരിമല ഗ്രീൻഫീൽഡ് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

**(ഡി)** കണക്ടിവിറ്റിയും പ്രകൃതിദുരന്ത വേളകളിലെ ഉപയോഗവും കണക്കിലെടുത്ത് ചെറു വിമാനങ്ങളുടെയും ഹെലികോപ്റ്ററുകളുടെയും പ്രവർത്തനം സാധ്യമാക്കുംവിധം ഹൈറേഞ്ച് പ്രദേശങ്ങളിൽ ഹെലിപാഡുകൾ, എയർ സ്ട്രിപ്പുകൾ, അഡ്വാൻസ്ഡ് ലാൻഡിംഗ് ഗ്രൗണ്ടുകൾ എന്നിവ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>സപ്ലൈകോയെ സ്വയം പര്യാപ്തമാക്കുന്നതിന് നടപടികൾ</u>**

***155 ശ്രീ. എം. ആർ. ബൈജു**

**ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. സുധീർഷാ പാലോട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സപ്ലൈകോയെ സ്വയംപര്യാപ്തമാക്കുന്നതിന് സംഭരണ-വിതരണ നടപടികളിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് കൊണ്ടുവരുന്നത് എന്ന് വിശദമാക്കാമോ;

**(ബി)** സപ്ലൈകോയ്ക്ക് കേന്ദ്രത്തിൽ നിന്ന് ലഭിക്കാനുള്ള കുടിശ്ശിക എത്രയാണ്; അത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

**(സി)** സപ്ലൈകോയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ പദ്ധതിയുണ്ടോ; പുതിയ പദ്ധതികളും ഔട്ട്ലെറ്റ് സംവിധാനങ്ങളും ആധുനിക വിപണന സാധ്യതകളും ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ശാക്തീകരണം</u>**

***156 ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. ദീപക് ജോയ്**

**ശ്രീ. എഫ്. രാജ**

**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** തദ്ദേശീയമായി നിർമ്മിക്കുന്ന ഖാദി ഗ്രാമ ഉല്പന്നങ്ങളുടെ ഓൺലൈൻ അടക്കമുള്ള വിപണനസാധ്യതകൾ വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

**(ബി)** പരമ്പരാഗത നെയ്ത്തിനുമപ്പുറം റെഡിമെയ്ഡ് വസ്ത്ര വ്യാപാരസാധ്യതകൾ പ്രയോജനപ്പെടുത്തി ഖാദി മേഖലയെ ശക്തിപ്പെടുത്തുന്നതിനും ഖാദി തൊഴിലാളികൾക്ക് കൂടുതൽ വരുമാന സാധ്യതകൾ ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ;

**(സി)** ഖാദി മേഖലയിലുള്ള തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കുന്നതിനും സാമ്പത്തികസഹായങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

## <u>പൊതുവിതരണ മേഖല മെച്ചപ്പെടുത്തുന്നതിന് നടപടികൾ</u>

***157 ശ്രീ. നാട്ടകം സുരേഷ്**
**ഡോ. ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സിറിയക് തോമസ്**
**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പൊതുവിതരണരംഗം അഴിമതി മുക്തമാക്കി സുതാര്യതയും കൃത്യതയും ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

**(ബി)** റേഷൻകടകളുടെ നവീകരണത്തിന് നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും കടയുടമകൾക്ക് ന്യായമായ പ്രതിഫലം ഉറപ്പുവരുത്താൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

**(സി)** സംസ്ഥാനത്തിന് അർഹതപ്പെട്ട ഭക്ഷ്യധാന്യ വിഹിതം കേന്ദ്ര സർക്കാരിൽ നിന്നും നേടിയെടുക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>കിഫ്ബിയുടെ പുനഃസംഘടന</u>

***158 ശ്രീ. ദീപക് ജോയ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. എഫ്. രാജ**
**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കിഫ്ബി പുനഃസംഘടിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; ഏതു തരത്തിലുള്ള പുനഃ സംഘടനയാണ് ലക്ഷ്യമിടുന്നത്; പൂർണമായ സർക്കാർ നിയന്ത്രണം കൊണ്ടുവരുമോ; വ്യക്തമാക്കാമോ;

**(ബി)** മുൻ സർക്കാരിന്റെ കാലത്ത് നടന്ന കിഫ്ബിയിലെ നിയമനങ്ങൾക്ക് പുതിയ മാനദണ്ഡങ്ങൾ കൊണ്ടുവരുമോ; വിശദമാക്കാമോ;

**(സി)** കിഫ്ബിയുടെ ഐ.ടി., മീഡിയ വിഭാഗങ്ങളിൽ ക്രമക്കേടുകൾ ഉള്ളതായുള്ള ആരോപണം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**<u>സംസ്ഥാനം സ്വീകരിച്ച പുതിയ വായ്പകൾ</u>**

***159 ശ്രീ. സജി ചെറിയാൻ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനം സ്വീകരിച്ച പുതിയ വായ്പകളുടെ ആകെ തുക എത്രയെന്ന് വ്യക്തമാക്കാമോ;

**(ബി)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകൾക്ക് അനുവദിച്ച പദ്ധതി വിഹിതത്തിൽ എത്ര തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

**(സി)** ക്ഷേമ പെൻഷൻ വിതരണത്തിനായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുകയും വിതരണം ചെയ്ത തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ?

**<u>കെ.എസ്.എഫ്.ഇ. ചിട്ടികൾ ജനപ്രിയമാക്കുന്നതിന് നടപടി</u>**

***160 ശ്രീ. സുമേഷ് അച്യുതൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. രമേഷ് പിഷാരടി**
**ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കെ.എസ്.എഫ്.ഇ. ചിട്ടികളെയും നിക്ഷേപങ്ങളെയും കൂടുതൽ ജനപ്രിയമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

**(ബി)** പ്രവാസികളിൽ നിന്നുള്ള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക നിക്ഷേപ പദ്ധതികളോ ചിട്ടികളോ ആരംഭിക്കുമോ; സാധാരണക്കാരായ ജനങ്ങൾക്ക് സഹായകരമാകുന്ന രീതിയിൽ സ്വർണവായ്പകൾ ലളിതവും സുതാര്യവുമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

**(സി)** കെ.എസ്.എഫ്.ഇ. ഇടപാടുകൾ പൂർണ്ണമായും ഡിജിറ്റലാക്കി പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി</u>

***161 ശ്രീമതി ഗീതാ ഗോപി**
**ശ്രീ. കെ. രാജൻ**
**ശ്രീ. കെ. കെ. വത്സരാജ്**
**ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** തുറമുഖ വികസന മേഖലയിൽ രാജ്യത്ത് ഒരു സംസ്ഥാന സർക്കാർ നടത്തുന്ന ഏറ്റവും വലിയ മൂലധനനിക്ഷേപ പദ്ധതിയായി വിഴിഞ്ഞം തുറമുഖ പദ്ധതി മാറിയിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** പ്രസ്തുത തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനോടൊപ്പം അനുബന്ധ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, റെയിൽ മാർഗ്ഗമുള്ള ചരക്കുനീക്കം സാധ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ;

**(സി)** വിഴിഞ്ഞം പദ്ധതിയുടെ തുടർച്ചയായി റെയിൽവേ പാലം, തുരങ്ക പാത, റോഡുകൾ എന്നിവ പൂർത്തിയാകുന്നതോടെ ചരക്ക് ഗതാഗത മേഖലയിൽ വലിയ വളർച്ച പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കാമോ;

**(ഡി)** വിഴിഞ്ഞം പദ്ധതിക്കായി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ വികസന പദ്ധതിയുടെ തുടർപ്രവർത്തനം

ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

**(ഇ)** വിഴിഞ്ഞം പദ്ധതിയിലൂടെ പ്രദേശവാസികളുടെ തൊഴിലവസരങ്ങളും ജീവിത നിലവാരവും എത്രമാത്രം അഭിവൃദ്ധിപ്പെടുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(എഫ്)** അസാപിന്റെ ആഭിമുഖ്യത്തിലുള്ള 'വിഴിഞ്ഞം സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ' തീരദേശ മേഖലയിലെ യുവജനങ്ങൾക്ക് തൊഴിൽ സാധ്യതകൾ തുറന്നിടുന്ന വലിയ കേന്ദ്രമായി മാറിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>സപ്ലൈകോയിലൂടെ വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾ</u>

***162 ശ്രീമതി ഫാത്തിമ തഹിലിയ**

**ശ്രീ. എം. റഹ്മത്തുള്ള**

**ശ്രീ. എം. എ. റസാഖ് മാസ്റ്റർ**

**ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സപ്ലൈകോയിൽ ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**(ബി)** മുൻ സർക്കാരിന്റെ കാലത്ത് സബ്സിഡി നൽകുന്ന സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ, എങ്കിൽ ഇത് പുനഃപരിശോധിക്കുമോ; വ്യക്തമാക്കാമോ;

**(സി)** കൂടുതൽ സാധനങ്ങൾ സപ്ലൈകോ വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ വികസനം</u>

***163 ശ്രീ. കെ. എം. അഭിജിത്ത്**

**ശ്രീ. ടി. ജെ. വിനോദ്**

**ശ്രീമതി ഉഷ വിജയൻ**

**ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ വികസനം ഉറപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ;

(ബി) കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അനാഥരഹിത കേരളം സാധ്യമാക്കുന്നതിനും വനിതാ ശിശു വികസന വകുപ്പുമായും ആഭ്യന്തര വകുപ്പുമായും ഏകോപിച്ച് പ്രവർത്തിക്കുന്നതിന് പ്രത്യേക പദ്ധതികളോ മറ്റ് നടപടികളോ സ്വീകരിക്കുമോ;

(സി) ഒറ്റപ്പെട്ടു കഴിയുന്ന വയോജനങ്ങളുടെ സുരക്ഷയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി എന്തെങ്കിലും പദ്ധതികൾ വിഭാവനം ചെയ്യാനാകുമോ; വിശദമാക്കുമോ?

## <u>പൊതുവിതരണ രംഗത്തെ ഇടപെടലുകൾ</u>

***164 ശ്രീ. വിനു ജോബ് കുഴിമണ്ണിൽ**
**ശ്രീ. അപു ജോൺ ജോസഫ്**
**ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാരുടെ വർദ്ധിച്ചുവരുന്ന ജീവിതച്ചെലവ് നിയന്ത്രിക്കുന്നതിന് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) അർഹതയുള്ള എല്ലാ കുടുംബങ്ങൾക്കും ഗുണനിലവാരമുള്ള അവശ്യസാധനങ്ങളുടെ കൃത്യസമയത്തുള്ള മതിയായ വിതരണം ലക്ഷ്യമിട്ട് പൊതുവിതരണ സംവിധാനത്തിൽ നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ;

(സി) അവശ്യവസ്തുക്കളുടെ കൃത്രിമ വിലക്കയറ്റം, പൂഴ്ത്തിവയ്പ്, കരിഞ്ചന്ത എന്നിവ തടയുന്നതിനായി പൊതുവിപണിയിൽ വില നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഉപഭോക്തൃ സംരക്ഷണം ലക്ഷ്യമിട്ട് ഏർപ്പെടുത്തിയിട്ടുള്ള പരാതി പരിഹാര സംവിധാനങ്ങളുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ;

**(ഇ)** സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളുടെയും റേഷൻ കടകളുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിലൂടെ സേവന വിതരണം കൂടുതൽ പ്രാപ്യവും ഫലപ്രദവുമാക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

## <u>സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ</u>

***165** **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കഴിഞ്ഞ പത്ത് വർഷത്തിനിടെ വിവിധ ഭാഗ്യക്കുറികളുടെ ഒന്നാം സമ്മാനവും മറ്റ് സമ്മാനങ്ങളും എത്ര തവണയും എത്ര വീതവും വർധിപ്പിക്കുകയോ കുറയ്ക്കുകയോ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**(ബി)** ഇതേ കാലയളവിൽ ഏജന്റുമാർക്കും വിൽപ്പനക്കാർക്കും ലഭിക്കുന്ന കമ്മീഷൻ നിരക്കുകളിൽ വരുത്തിയ മാറ്റങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**(സി)** സമ്മാനത്തുകയിലും കമ്മീഷനിലും വന്ന കുറവുകൾ കാരണം ടിക്കറ്റ് വിൽപ്പനയിൽ കുറവുണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

**(ഡി)** ടിക്കറ്റ് വിൽപ്പന കുറഞ്ഞതുമൂലം ലോട്ടറി തൊഴിലാളികൾ, വിൽപ്പനക്കാർ, ഏജന്റുമാർ എന്നിവർ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**(ഇ)** ഇവരുടെ ഉപജീവനം സംരക്ഷിക്കുന്നതിനും ടിക്കറ്റ് വിൽപ്പന വർധിപ്പിക്കുന്നതിനുമായി സമ്മാനഘടനയും കമ്മീഷൻ നിരക്കുകളും പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## <u>സതേൺ കേരള ഇക്കണോമിക് കോറിഡോർ പദ്ധതി</u>

***166** **ശ്രീ. സന്ദീപ് വാര്യർ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തിന്റെ തെക്കൻ ജില്ലകളെ തന്ത്രപരമായ ദേശീയ പ്രാധാന്യമുള്ള ഏകീകൃത സാമ്പത്തിക മേഖലയായി മാറ്റുന്നതിനായി

സർക്കാർ ആവിഷ്കരിക്കുന്ന സതേൺ കേരള ഇക്കണോമിക് കോറിഡോർ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

**(ബി)** തെക്കൻ ജില്ലകളിലെ വിവിധ വിഭവ സാധ്യതകളെ പ്രയോജനപ്പെടുത്തി സമ്മിശ്ര സമ്പദ് വ്യവസ്ഥ സൃഷ്ടിക്കുന്നതിനും സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**(സി)** പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പഠനം നടത്തുവാൻ വിദഗ്ദ്ധ സമിതിയെ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എന്തൊക്കെ വിഷയങ്ങളാണ് പഠനവിധേയമാക്കുന്നത്; വിശദമാക്കാമോ?

## <u>നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ നടപടി</u>

***167** **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

**(ബി)** പൊതു വിപണിയിൽ വില പിടിച്ചു നിർത്താൻ എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## <u>കാലാവധി കഴിഞ്ഞ പരിശോധന കിറ്റുകൾ</u>

***168** **ശ്രീ. എ. ഡി. തോമസ്**
**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**
**ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മുൻ സർക്കാരിന്റെ കാലത്ത് കാലാവധി കഴിഞ്ഞ എച്ച്.ഐ.വി., എച്ച്.സി.വി. റാപ്പിഡ് ടെസ്റ്റ് കിറ്റുകൾ വാങ്ങിയിരുന്നോ; വിശദമാക്കുമോ;

**(ബി)** ആരോഗ്യവകുപ്പിന് കീഴിലുള്ള കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.(കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റി) കാലാവധി കഴിഞ്ഞ കിറ്റുകൾ വാങ്ങി എന്ന് സംസ്ഥാന ഓഡിറ്റ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

**(സി)** കാലാവധി കഴിഞ്ഞ കിറ്റുകൾ ഉപയോഗിച്ച് പരിശോധിച്ചാൽ റിസൾറ്റിന് വിശ്വാസയോഗ്യത ഇല്ലാത്തതിനാൽ പ്രസ്തുത കിറ്റുകൾ വാങ്ങിയതിനെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടിയെടുക്കുമോ; വിശദമാക്കുമോ?

**<u>സിൽവർ ഇക്കോണമി പോളിസിയും വയോജനക്ഷേമ നടപടികളും</u>**

***169 ശ്രീ. റെജി ചെറിയാൻ**
**ശ്രീ. തോമസ് ഉണ്ണിയാടൻ**
**ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വയോജനക്ഷേമം ലക്ഷ്യമിട്ട് വിഭാവനം ചെയ്തിട്ടുള്ള സിൽവർ ഇക്കോണമിയുടെ സവിശേഷതകൾ എന്തെല്ലാമെന്ന് അറിയിക്കുമോ; സിൽവർ ഇക്കോണമിയുടെ ആസൂത്രണ, അടിസ്ഥാന സൗകര്യ, സേവന, സംരംഭകത്വ മാർഗ്ഗനിർദ്ദേശക രേഖയെന്ന നിലയിൽ സിൽവർ ഇക്കണോമിക് പോളിസി വികസിപ്പിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

**(ബി)** പ്രസ്തുത സംരംഭത്തിന് മുൻഗണനകളും പ്രവർത്തനരീതികളും നിശ്ചയിക്കുന്നതിനായി മുതിർന്ന പൗരന്മാരുടെ അഭിപ്രായ ശേഖരണം ലക്ഷ്യമിട്ട് സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ;

**(സി)** റിട്ടയർമെൻറ് ഇൻഫ്രാസ്ട്രക്ചറിന്റെ ഭാഗമായി വയോജന പാർക്കുകളും ഫിറ്റ്നസ് സെന്ററുകളും ഒരുക്കാൻ പദ്ധതിയുണ്ടോ; അറിയിക്കാമോ;

**(ഡി)** മുതിർന്ന പൗരന്മാരുടെ അനുഭവസമ്പത്തും സംരംഭകത്വശേഷിയും പുതുതലമുറയ്ക്കുകൂടി ഗുണകരമാകുംവിധം മെന്റർ-പ്രോട്ടീഗെ മാതൃക വികസിപ്പിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

**<u>ഇൻവെസ്റ്റ്മെന്റ് അഡ്വൈസറി കൗൺസിൽ</u>**

***170 ശ്രീ. കെ. പി. നൗഷാദ് അലി**

**ശ്രീ. സജീവ് ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീ. വി. എസ്. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി നിർവഹണത്തിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനും മുഖ്യമന്ത്രി അധ്യക്ഷനായി ഇൻവെസ്റ്റ്മെന്റ് അഡ്വൈസറി കൗൺസിൽ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**(ബി)** ഇൻവെസ്റ്റ് കേരളം എന്ന പേരിൽ നിക്ഷേപ സമാഹരണത്തിനായി പ്രത്യേക സെൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

**(സി)** പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്രോട്ടോക്കോൾ നടപ്പിലാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണം</u>**

***171 ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. എൻ. ശക്തൻ**

**ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

**(ബി)** മാലിന്യ സംസ്കരണത്തിനായി എന്തൊക്കെ പുതിയ പദ്ധതികൾ പരിഗണനയിലുണ്ടെന്ന് അറിയിക്കാമോ;

**(സി)** സ്ത്രീ ശാക്തീകരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള പദ്ധതികൾ വിപുലീകരിക്കുന്നത് പരിഗണിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

**(ഡി)** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം നൽകുന്നതിൽ കഴിഞ്ഞ സാമ്പത്തിക വർഷം കുടിശ്ശിക വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ് കുടിശ്ശികയെന്ന് വ്യക്തമാക്കാമോ; ഈ ഫണ്ട് യഥാസമയം

കൊടുക്കുന്നതിനും കുടിശ്ശിക ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**തദ്ദേശസ്വയംഭരണ വകുപ്പ് സംയോജനം**

*172 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മുൻ സർക്കാർ അഞ്ച് വകുപ്പുകൾ ഏകീകരിച്ച് തദ്ദേശ സ്വയംഭരണ പൊതു സർവീസ് രൂപീകരിച്ചതുകൊണ്ട് പൊതുജനങ്ങൾക്ക് എന്തെങ്കിലും നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

**(ബി)** അശാസ്ത്രീയമായ വകുപ്പ് ഏകീകരണം മൂലം പ്രസ്തുത വകുപ്പുകളിലെ ജീവനക്കാർക്ക് എന്തെങ്കിലും പ്രയാസങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(സി)** തദ്ദേശ സ്വയംഭരണ വകുപ്പ് സംയോജനം പുന:പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

**(ഡി)** മുൻ കാലങ്ങളിൽ നിരവധിയായ സംസ്ഥാന ആവിഷ്കൃത പദ്ധതികളും കേന്ദ്ര ആവിഷ്കൃത പദ്ധതികളും നിർവഹണം നടത്തിയിട്ടുള്ളതും ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നതിന് പരിചയ സമ്പത്തുള്ള ഒട്ടനവധി ജീവനക്കാരും, ധാരാളം ഓഫീസ് സൗകര്യങ്ങളുമുള്ളതുമായ ഗ്രാമവികസന വകുപ്പിനെ പുനഃസ്ഥാപിച്ച് ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

**(ഇ)** തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ മുൻ സർക്കാരിന്റെ കാലത്ത് നിയമിക്കപ്പെട്ട താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ**

*173 **ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. എം. വിജിൻ**
**ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സർക്കാർ മെഡിക്കൽ കോളേജുകളിൽ ചരിത്രത്തിലാദ്യമായി അത്യാധുനിക റോബോട്ടിക് സർജറി വിജയകരമായി നടപ്പിലാക്കാൻ മുൻ സർക്കാർ കൈക്കൊണ്ട നടപടികളുടെയും വകയിരുത്തിയ തുകയുടെയും വിശദാംശം ലഭ്യമാക്കാമോ;

**(ബി)** പീഡിയാട്രിക് റോബോട്ടിക് സർജറികളും സങ്കീർണ്ണമായ കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയകളും സർക്കാർ മേഖലയിൽ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**(സി)** മുൻ സർക്കാരിന്റെ കാലത്ത് കിഫ്ബി സഹായത്തോടെ കോഴിക്കോട്, തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ നടപ്പാക്കിയ മാസ്റ്റർ പ്ലാനുകളുടെയും അവിടെ പുതുതായി നിർമ്മിച്ച സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകളുടെയും വിശദാംശങ്ങളും അതിനായി വകയിരുത്തിയ തുകയും വ്യക്തമാക്കാമോ;

**(ഡി)** കോന്നി, ഇടുക്കി, വയനാട് സർക്കാർ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് അവിടെ അധ്യയനം ആരംഭിക്കാനും സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്., പി.ജി., സൂപ്പർ സ്പെഷ്യാലിറ്റി സീറ്റുകൾ വർദ്ധിപ്പിക്കാനും മുൻ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

**(ഇ)** എല്ലാ മെഡിക്കൽ കോളേജുകളിലും കാത്ത് ലാബ് സൗകര്യം, അത്യാധുനിക ട്രോമ കെയർ സംവിധാനങ്ങൾ, സമഗ്ര സ്ട്രോക്ക് സെന്ററുകൾ എന്നിവ സജ്ജമാക്കി പാവപ്പെട്ട രോഗികൾക്ക് ലക്ഷങ്ങൾ വിലമതിക്കുന്ന ചികിത്സ സൗജന്യമായി ലഭ്യമാക്കാൻ മുൻ സർക്കാരിന് സാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ?

## <u>തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് നടപടി</u>

***174 ശ്രീ. കെ. പ്രേമൻ**
**ശ്രീ. പി. എ. മുഹമ്മദ് റിയാസ്**
**ശ്രീ. കാരായി രാജൻ**
**ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** യുവജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കാനുതകുന്ന ദീർഘകാലാടിസ്ഥാനത്തിലുള്ള എന്തെല്ലാം പ്രായോഗിക നിർദ്ദേശങ്ങളാണ് നയപ്രഖ്യാപനത്തിൽ വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

**(ബി)** യുവാക്കൾക്ക് സ്വദേശത്ത് അവസരം നൽകുമെന്ന് വ്യക്തമാക്കുമ്പോഴും നിലവിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട് ജോലി കാത്തിരിക്കുന്ന ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളുടെ നിയമനം വേഗത്തിലാക്കാനുള്ള നിർദ്ദേശങ്ങൾ നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്താത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

**(സി)** വിവിധ വകുപ്പുകളിൽ നിലവിലുള്ള ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യാനും താൽകാലിക നിയമനങ്ങൾ അവസാനിപ്പിച്ച് പി.എസ്.സി.റാങ്ക് ഹോൾഡർമാരെ സമയബന്ധിതമായി നിയമിക്കാനും എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## വാണിജ്യനികുതി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി

***175** **ശ്രീമതി കെ. കെ. രമ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. വി. ടി. സൂരജ്**
**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വാണിജ്യനികുതി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

**(ബി)** വാണിജ്യ നികുതി ഇനത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതികളിൽ ഏതെങ്കിലും തരത്തിലുള്ള ചോർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**(സി)** സംസ്ഥാനത്തിന് അർഹമായ ജി.എസ്.ടി. വിഹിതം നിലവിൽ ലഭിക്കുന്നുണ്ടോ; സംയോജിത ജി.എസ്.ടി. വിഹിതത്തിന്റെ ലഭ്യത കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

## <u>മാലിന്യ സംസ്കരണം</u>

***176 ശ്രീ. സി. അജയപ്രസാദ്**
**ശ്രീ. കെ. രാജൻ**
**ശ്രീമതി ഗീതാ ഗോപി**
**ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ജനകീയ ഇടപെടലിലൂടെ വൻ വികസന നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള സംസ്ഥാനമെന്ന നിലയിൽ മാലിന്യ നിർമാർജന രംഗത്ത് ലോകത്തിന് മാതൃകയാകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** മാലിന്യ നിർമാർജ്ജന രംഗത്ത് സ്റ്റാർട്ടപ്പുകൾക്കും നിക്ഷേപകർക്കും അവസരമൊരുക്കാൻ മുൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(സി)** വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന അജൈവ പാഴ്‌വസ്തുക്കൾ നേരിട്ട് കൈമാറുന്നതിനായി ക്ലീൻ കേരള കമ്പനിയുടെ ഇക്കോ ബാങ്ക് എന്ന പുതിയ സംരംഭത്തിന് മുൻ സർക്കാരിന്റെ കാലത്ത് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**(ഡി)** ശാസ്ത്രീയ ദ്രവ മാലിന്യ പരിപാലന സംവിധാനങ്ങൾ ഒരുക്കി മുഴുവൻ ജലാശയങ്ങളെയും മാലിന്യമുക്തമായി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെല്ലാം പുതിയ പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കുമോ?

## <u>പ്രവാസി ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് ഫണ്ട്</u>

***177 ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉഷ വിജയൻ**
**ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് പ്രവാസി ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് ഫണ്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

**(ബി)** ഇൻവെസ്റ്റ്മെന്റ് ഇക്കോണമി എന്ന നിലയിൽ കേരളത്തെ മാറ്റുന്നതിന് പ്രവാസികളുടെ നിക്ഷേപങ്ങളും സേവനങ്ങളും ഏതൊക്കെ രീതിയിൽ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**'വൺ കേരള കരുതൽ മിഷൻ'**

***178 ശ്രീ. രാജൻ. ജെ. പല്ലൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. രമേഷ് പിഷാരടി**
**ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സഹാനുഭൂതിയോടെ ഭരണം എന്ന കാഴ്ചപ്പാടിൽ സംസ്ഥാനത്ത് വൺ കേരള കരുതൽ മിഷൻ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

**(ബി)** വൺ കേരള കരുതൽ മിഷനിലേക്ക് ഏത് രീതിയിൽ ധനസമാഹരണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്; ഫണ്ടിന്റെ സുതാര്യമായ വിനിയോഗത്തിന് ഡിജിറ്റൽ വെരിഫിക്കേഷൻ സംവിധാനങ്ങൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

**(സി)** എന്തൊക്കെ സഹായങ്ങളും സേവനങ്ങളും ആണ് പ്രസ്തുത മിഷൻ മുഖേന നൽകുവാൻ ഉദ്ദേശിക്കുന്നതെന്നുള്ള വിശദാംശങ്ങൾ നൽകുമോ?

**ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനം**

***179 ശ്രീ. ടി. എം. ശശി**
**ശ്രീ. സജി ചെറിയാൻ**
**ശ്രീ. സി. കെ. ഹരീന്ദ്രൻ**
**ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ആർദ്രം മിഷന്റെ ഭാഗമായി മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ആധുനിക

സൗകര്യമുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയതിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

**(ബി)** ആർദ്രം മിഷന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ട് ഉൾപ്പെടെ കഴിഞ്ഞ സർക്കാർ വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**(സി)** കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഉച്ചക്ക് ശേഷം അടച്ചിടുന്ന പതിവ് അവസാനിപ്പിച്ച് 9 മണി മുതൽ 6 മണി വരെ ഒ.പി. സൗകര്യം ഏർപ്പെടുത്തിയത് സാധാരണക്കാരായ ജനങ്ങൾക്ക് എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

**(ഡി)** ലോകാരോഗ്യ സംഘടന ഉൾപ്പെടെ പ്രശംസിച്ച പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ മാതൃക പൂർണ്ണമായും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>കേരള ഹെൽത്ത് ആന്റ് ലൈഫ് സയൻസ് സിറ്റി പദ്ധതി</u>

***180 ശ്രീ. തോമസ് ഉണ്ണിയാടൻ**
**ശ്രീ. വർഗ്ഗീസ് മാമ്മൻ**
**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കേരള ഹെൽത്ത് ആന്റ് ലൈഫ് സയൻസ് സിറ്റി പദ്ധതിയുടെ സവിശേഷതകൾ അറിയിക്കാമോ;

**(ബി)** മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, പരിശീലന കേന്ദ്രങ്ങൾ, ഗവേഷണ ലാബുകൾ എന്നിവ പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

**(സി)** പുനരധിവാസ കേന്ദ്രങ്ങളും രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

**(ഡി)** സംസ്ഥാനത്താകെ എത്രയിടങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; പദ്ധതിക്കായി നിലവിൽ ഏതെങ്കിലും സ്ഥലം

കണ്ടെത്തിയിട്ടുണ്ടോ;

**(ഇ)** മെഡിക്കൽ ടൂറിസം വികസിപ്പിക്കുന്നതിനും ആരോഗ്യ മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും പദ്ധതി എത്രത്തോളം പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ജൂൺ 22, തിങ്കൾ

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].